LIBRARY ARCHIVES Kerala Legislative Assembly

ലൈൻട്രാഫിക് സമ്പ്രദായം

15 (*75) ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ലൈൻട്രാഫിക് സമ്പ്രദായം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈൻട്രാഫിക് സമ്പ്രദായം ലംഘിക്കുന്ന ഡ്രൈവർമാർക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ദേശീയ പാതകളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കാൻ ലൈൻട്രാഫിക് സമ്പ്രദായം പര്യാപ്തമാണോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ ദേശീയ പാതകളിലെല്ലാം ലൈൻട്രാഫിക് സമ്പ്രദായം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ദേശീയപാത എൻ.എച്ച്47-ൽ അരൂർ മുതൽ ഇടപ്പള്ളിവരെയുള്ള ഭാഗത്ത് പരീക്ഷണാടിസ്ഥാനത്തിൽ ലൈൻട്രാഫിക് സമ്പ്രദായം നടപ്പിലാക്കിവരുന്നു.

(ബി) ലൈൻട്രാഫിക് സംവിധാനം ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമം 184 അനുസരിച്ച് നടപടി എടുക്കാവുന്നതാണ്.

(സി) ഇപ്പോൾ പര്യാപ്തമല്ല.

(ഡി) സംസ്ഥാനത്തെ ദേശീയപാതകളിലെല്ലാം ലൈൻട്രാഫിക് സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ വീതി റോഡുകൾക്കില്ല.

ജെറിയാട്രിക് വാർഡുകളുടെ പ്രവർത്തനം

16 (*76) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ സ്ഥാപനങ്ങളിൽ വൃദ്ധർക്ക് ആരോഗ്യപരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട് ;

(സി) ഈ വാർഡുകളിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇത്തരം രോഗികൾക്ക് സൗജന്യമായി മരുന്നുകൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എല്ലാ പ്രധാന ആശുപത്രികളിലും പി.എച്ച്.സി.കളിലും ഇത്തരം വാർഡുകൾ സജ്ജീകരിക്കുമോ ;

(എഫ്) ജെറിയാട്രിക് വാർഡുകളുടെ പ്രവർത്തനത്തിനായി പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ആരോഗ്യ വകുപ്പിനുകീഴിൽ ജില്ലയിലെ പ്രധാന ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഈ സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ വൃദ്ധരുടെ പരിചരണത്തിനായി പ്രത്യേകം ബെഡ്ഡുകൾ നീക്കിവച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ഒ.പി.-യിലെത്തുന്ന വൃദ്ധജനങ്ങൾക്ക് അധികം ക്യൂ നിൽക്കാതെ മുൻഗണന നൽകി ഡോക്ടർമാരെ കാണാനുള്ള സംവിധാനം അവർക്ക് പ്രത്യേക ഇരിപ്പിട സൗകര്യം, അവശനിലയിലുള്ളവർക്ക് പിടിച്ചുനടക്കാൻ കൈവരി, കുടിവെള്ളം, പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഔട്ട് പേഷ്യന്റ് വിഭാഗം, വാർഡുകൾ, ഫാർമസി കൗണ്ടറുകൾ എന്നിവിടങ്ങളിൽ വൃദ്ധജനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. ഈ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ വൃദ്ധജനങ്ങൾക്ക് ക്യൂ നിൽക്കാതെതന്നെ ഡോക്ടറെ കാണാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിനുകീഴിൽ ജെറിയാട്രിക് വാർഡുകൾ പ്രവർത്തിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക് കോഴ്സുകൾ ആരംഭിക്കുന്നതോടെ ജെറിയാട്രിക് വാർഡുകൾ പ്രവർത്തനമാരംഭിക്കുവാൻകഴിയും. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും ഭാരതീയ ചികിത്സാ വകുപ്പിനും ഹോമിയോപ്പതി വകുപ്പിനും കീഴിലുള്ള ആശുപത്രികളിലും ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലും ചികിത്സക്കായി എത്തുന്ന വൃദ്ധജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്.

(സി) ജെറിയാട്രിക് വാർഡുകളിൽ പ്രായമായവർക്കുവേണ്ടി പ്രത്യേക കിടക്കകൾ, ചെറിയ അലമാര, പ്രത്യേകതരം ടോയ്ലറ്റ് തുടങ്ങിയവ എൻ.ആർ. എച്ച്.എം. ഫണ്ടുപയോഗിച്ച് നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള ആശുപത്രികളിൽ ബി.പി.എൽ-ൽപ്പെട്ട വൃദ്ധരുൾപ്പെടെയുള്ള എല്ലാ രോഗികൾക്കും സൗജന്യമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകൾ വിതരണംചെയ്യുന്നു. ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള ആശുപത്രികളിലും ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലും ചികിത്സക്ക് എത്തുന്ന എല്ലാ രോഗികൾക്കും സൗജന്യമായി മരുന്ന് വിതരണം ചെയ്തുവരുന്നു.

(ഇ) ആരോഗ്യ വകുപ്പിനുകീഴിലുള്ള എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും (ഓരോ ജില്ലയിൽനിന്നും ഒരു ആശുപത്രി എങ്കിലും) വൃദ്ധർക്കുവേണ്ടി 10 കിടക്കകളുള്ള ഒരു വാർഡ് തുടങ്ങുന്ന നടപടി ആരംഭിച്ചിട്ടുണ്ട്.

(എഫ്) നടപ്പുസാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ആയുർവേദ കോളേജിൽ നാഷണൽ ആയുർവേദിക് ജെറിയാട്രിക് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി ആയുഷിൽ (കേന്ദ്ര സർക്കാർ)-നിന്നും 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ

17 (*77) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്കളുടെ ക്ഷേമത്തിനായി ശിശുക്ഷേമ സമിതി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സ്വീകരിക്കുന്നതിനായി സംസ്ഥാനത്ത് എത്ര സ്ഥലങ്ങളിൽ 'അമ്മത്തൊട്ടിൽ' സ്ഥാപിച്ചിട്ടുണ്ട് ; എല്ലാ ജില്ലാ ആശുപത്രികൾക്ക് സമീപവും അമ്മത്തൊട്ടിൽ സ്ഥാപിക്കുമോ ;

(സി) സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ഇതിനായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ഡി) ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) ശിശുക്ഷേമ സമിതി ശിശുക്കളുടെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരത്ത് ദത്തെടുക്കൽ കേന്ദ്രവും ശിശുപരിപാലന കേന്ദ്രവും പ്രവർത്തിക്കുന്നു.
2. മലപ്പുറത്ത് ശിശുപരിപാലന കേന്ദ്രം.
3. കുട്ടികൾക്കും മുതിർന്നവർക്കുമായി കൗൺസിലിംഗ് കേന്ദ്രം.

LIBRARY ARCHIVES Kerala Legislative Assembly